# അധികാരഘടനകളും ഇടശ്ശേരിയും

കെ. പി. മോഹനൻ

ഇടശ്ശേരിയെക്കുറിച്ച് ഓർക്കുമ്പോൾ ഒരു ശരാശരി മലയാളിയുടെ മനസ്സിൽ പെട്ടെന്നു തെളിയുന്ന വരികൾ 'അധികാരം കൊയ്യണം ആദ്യം നാം / അതിനുമേലാകട്ടെ പൊന്നാര്യൻ' എന്നതാണ്. 1948ൽ 'പുത്തൻകലവും അരിവാളും' എന്ന തന്റെ പ്രസിദ്ധമായ കവിതയിൽ ഇടശ്ശേരി ഈ വരികൾ എഴുതി. അധികാരഘടനകളോടുള്ള തൊഴിലാളി-കർഷക ചെറുത്തുനില്പുകളുടെ വീര്യം ചിത്രീകരിയ്ക്കുന്ന തന്റെ പ്രസിദ്ധമായ രണ്ടു കവിതകൾ ഇടശ്ശേരി എഴുതുന്നത് 1948ലാണ്. 1948 ജനുരി 25ന്റെ പുരോഗതി വിശേഷാൽ പ്രതിയിൽ 'ആശിസ്സ്' എന്ന പേരിൽ, 'പണിമുടക്കം' എന്ന പേരിൽ പിൽക്കാലത്ത് പ്രസിദ്ധമായ കവിത ഇടശ്ശേരി പ്രസിദ്ധപ്പെടുത്തി. 1948 ഒക്ടോബർ 15ന്റെ ചൈതന്യം ലക്കത്തിൽ 'പുത്തൻ കലവും അരിവാളും' എന്ന കവിതയും പ്രസിദ്ധീകരിച്ചു. ഈ രണ്ടു കവിതകളും ഒരേ വർഷം ഇങ്ങനെ ഒരുക്രമത്തിൽ പുറത്തുവന്നത് കേവലം ആകസ്മികമാകാൻ ഇടയില്ല. അധികാരഘടനകൾ മാറ്റിമറിയ്ക്കാൻ വേണ്ടി അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങൾ നടത്താനിരിയ്ക്കുന്ന ആത്യന്തിക വിപ്ലവത്തിന്റെ മുന്നണിപ്പോരാളികൾ തൊഴിലാളികളും അവരുടെ അനുബന്ധ ശക്തികൾ കൃഷിക്കാരും ആയിരിയ്ക്കുമെന്ന ധാരണ അക്കാലമായപ്പോഴേയ്ക്കും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ജനങ്ങളെ പഠിപ്പിയ്ക്കാൻ ശ്രമിച്ചുതുടങ്ങിയിരുന്നു. പണിമുടക്കത്തിനു പേരുകേട്ട തൃശ്ശൂരിൽ സ്ഥിരതാമസമാക്കിയിരുന്ന തന്റെ ചില സുഹൃത്തുക്കളിലൂടെ വിശാലലോകത്തിന്റെ കാറ്റ് തന്നിലേയ്ക്ക് അടിച്ചുകയറിയതിന്റെ അനന്തരഫലമായിട്ടാണ് 'പണിമുടക്കം' എന്ന കവിതയെഴുതുന്നത് എന്ന് ഇടശ്ശേരിയുടെ ആമുഖപ്രസ്താവന ഇടശ്ശേരിക്കവിതകളുടെ പൊതുലാളിത്യത്തിൽനിന്നുടലെടുക്കുന്ന ഒരു കേവല പ്രസ്താവന മാത്രമായി കണ്ടാൽ മതി. ക്ഷേത്രത്തിലെ മൃഗബലി പോലെ ദാരുണമായ വിളജപ്തിയിൽ ബന്ധപ്പെട്ട മൂന്നു കക്ഷികളേയും (കർഷകൻ, ജന്മി, കോടതി) തനിയ്ക്കടുത്തു പരിചയമുണ്ടെന്ന് 'പുത്തൻ കലവും അരിവാളും' എന്ന കവിതയുടെ ആമുഖത്തിലും ഇടശ്ശേരി എഴുതുന്നുണ്ട്. അധികാരശക്തിയുടെ ഗ്രാമതലരൂപങ്ങളിൽ ഒന്നിനോട് - നീതിന്യായക്കോടതികളോട് - ബന്ധപ്പെട്ട ഒരു ഉപജീവനമാർഗമായിരുന്നല്ലോ ഇടശ്ശേരിയ്ക്കുണ്ടായിരുന്നത്. വർഗവിഭജിതമായ ഒരു സമൂഹത്തിൽ നിയമ-നീതിന്യായവ്യവസ്ഥകളും കോടതിയും ആരുടെ ഭാഗത്തു നിൽക്കുമെന്ന് അടുത്തുകണ്ടു മനസ്സിലാക്കുവാൻ ഇതുമൂലം ഇടശ്ശേരിയ്ക്കു കഴിഞ്ഞു. തന്റെ മുന്നിൽ അരങ്ങേറുന്ന ഇത്തരം വിളജപ്തികൾ 'ആരു വിതയ്ക്കുന്നു, ആരു കൊയ്യുന്നു' എന്ന നിരന്തരം അലട്ടുന്ന ഒരു ചോദ്യവും അദ്ദേഹത്തിന്റെ മനസ്സിൽ വിതച്ചു. അലോസരപ്പെടുത്തുന്ന ഈ ചോദ്യമത്രെ ഇടശ്ശേരിയുടെ പ്രഖ്യാതമായ ആ കർമ്മസിദ്ധാന്തത്തിന്റെയും, മനുഷ്യജീവിതത്തിലെ യക്ഷപ്രശ്നങ്ങളുടെ നേർക്ക് അദ്ദേഹം കൈക്കൊണ്ട നിലപാടുകളുടെയും അടിസ്ഥാനം. അലട്ടുന്ന ഈ രണ്ടു ചോദ്യങ്ങളെ പിരിച്ചകറ്റി അതിനു നടുവിൽ ഒരു കോമന്റെയും കുടുംബത്തിന്റെയും കഥ ചേർത്തുവെച്ചപ്പോഴാണ് പുത്തൻകലവും അരിവാളും എന്ന കവിത രൂപപ്പെട്ടത് എന്ന് 'എന്റെ പണിപ്പുര' എന്ന ലേഖനത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

'എന്തവൻ വിതച്ചോരു വിത്തൊന്നും മുളയ്ക്കായ്വാൻ
എങ്ങിനെ പതിർപെട്ടു കർമ്മമേ നിൻകായ്കളിൽ?'

എന്ന് ഈ ചോദ്യം പ്രകടമായി 'ഊർച്ചയും വിത്തൂന്നലും' എന്ന കവിതയിൽ ഇടശ്ശേരി വാദിയ്ക്കുന്നുമുണ്ട്. തന്നെ നിരന്തരം അലട്ടിയ ഈ ചോദ്യത്തിൽനിന്ന് സ്വന്തമായ ഒരുത്തരവും അദ്ദേഹം നിർമ്മിച്ചെടുത്തിട്ടുണ്ട്. വിത്തിറക്കുന്നതിന്നു മുൻപ് നിലം നിരപ്പാക്കേണ്ടതുണ്ടെന്നും, 'വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ വിഷവല്ലികൾക്കേ വേരൂന്നിപ്പിടിയ്ക്കാൻ' കഴിയൂ എന്നും അതേ കവിതയിൽത്തന്നെ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അപ്പോൾ ചോദ്യമിതാണ്. തന്റെ കാലമായപ്പോഴേയ്ക്ക് കേരളത്തിൽ പ്രചരിയ്ക്കാൻ തുടങ്ങിയിരുന്ന

കമ്മ്യൂണിസ്റ്റ് ആശയഗതികളിൽ നിന്ന് വർഗവിഭജിതമായ സമൂഹത്തെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെക്കുറിച്ചും ഇടശ്ശേരി വല്ലതും മനസ്സിലാക്കിയിരുന്നുവോ? ഇതിന്നുത്തരം ആ കവിതകളിലെ സമഗ്ര ദർശനത്തിൽ നിന്നുമാത്രം ഉരുത്തിരിച്ചെടുക്കാൻ കഴിയുന്ന ഒന്നാണ്. വ്യക്തി X സമൂഹം, ഹിംസ X അഹിംസ, ഗ്രാമം X നഗരം, ഗ്രാമകേന്ദ്രീകൃതമായ ഉല്പാദന വിതരണം X യന്ത്രവത്കൃതമായ ഉല്പാദന വിതരണം, പരിസ്ഥിതി X വികസനം, എഴുത്തുകാരന്റെ യുക്തിവിധുരമായ സ്വപ്നലോകം X യുക്തിഭദ്രമായ അക്ഷരലോകം, കർഷക സമൂഹം X കുലീന സമൂഹം എന്നിങ്ങനെ ഇടശ്ശേരിക്കവിതകൾക്ക് ചലനശേഷി നൽകുന്ന ഏതാനും ദ്വന്ദ്വങ്ങളെ (Binary Oppositions) ആ കവിതകളിൽ നിന്ന് കണ്ടെടുക്കാൻ കഴിയും. ഈ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതത്രേ ഹിംസയോ അഹിംസയോ എന്ന ചോദ്യം. 'ചോരക്കൈവാളിനൂണാം...' എന്നാരംഭിയ്ക്കുന്ന ആ പ്രസിദ്ധമായ ശ്ലോകം മുതൽ മുള്ളൻ ചീര, ബുദ്ധനും ഞാനും നരിയും തുടങ്ങി നിരവധി കവിതകളിൽ ഈ ദ്വന്ദ്വം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ബുദ്ധപ്രതിമകൊണ്ടായാലും വേണ്ടില്ല, അക്രമിയ്ക്കാൻ വരുന്ന നരിയെ കൊല്ലുകതന്നെവേണം എന്നതുതന്നെയാണ് ഈ ചർച്ചകളിൽനിന്ന് ഇടശ്ശേരി ഉരുത്തിരിച്ചെടുക്കുന്ന കാഴ്ചപ്പാട്. ചുരുക്കത്തിൽ മനുഷ്യാസ്തിത്വത്തോടു ബന്ധപ്പെടുത്തി തന്റെ കവിതകളിൽ ഇടശ്ശേരി ഉന്നയിയ്ക്കുന്ന ചോദ്യങ്ങളത്രയും അധികാരഘടനകളോട് നടത്തിയ ചോദ്യങ്ങളായിരുന്നു എന്നും കാണാം. ഈ അധികാരസ്ഥാനത്ത് ഇടശ്ശേരി ജന്മിത്വത്തെക്കണ്ടിട്ടുണ്ട്, മുതലാളിത്തത്തെക്കണ്ടിട്ടുണ്ട്, പ്രകൃതിയെയും, പ്രചണ്ഡരൂപിണികളായ മഹാമാതാക്കളെയും കണ്ടിട്ടുണ്ട്, കോടതിയെയും നിയമങ്ങളെയും കണ്ടിട്ടുണ്ട്. മനുഷ്യരെ ജീവിയ്ക്കാനനുവദിയ്ക്കാത്ത അധികാരഘടനകളോടുള്ള കലഹം ഇടശ്ശേരിക്കവിതകളിലെ ശക്തിസ്രോതസ്സാണ്. അധികാരഘടനകളോടു പ്രതിഷേധിയ്ക്കുന്ന കുടിയിറക്കപ്പെടുന്നവരുടെ ഒരു വലിയലോകം തന്നെ ഇടശ്ശേരിക്കവിതകളിലുണ്ട്. അവരുടെ നിസ്വദുഃഖങ്ങൾക്ക് രാഷ്ട്രാതിർത്തികളില്ല. ഈ കുടിയിറക്കപ്പെടുന്നവരാണ് ചരിത്രനിർമ്മാതാക്കൾ എന്ന് ഇടശ്ശേരി വിശ്വസിച്ചു. ചരിത്രത്തിന്റെ ഉഴവുചാലിൽ നിന്ന് രണ്ടുവർഗങ്ങളുണ്ടായതെങ്ങിനെ എന്നത് ഇടശ്ശേരിയെ എന്നും അലട്ടിയ ചോദ്യമാണ്. ഈയൊരു ചോദ്യം കുറേക്കൂടി ഉയർന്ന ഒരു തലത്തിൽ നിന്നുകൊണ്ട് ഇടശ്ശേരി ഇങ്ങനെ ചോദിച്ചിട്ടുണ്ട്.

> 'ഉഴുതൊരുചാലാലിരുവരി മണൽ
> ത്തിരകളുണ്ടാക്കിപ്പുരോഗമിയ്ക്കുമ്പോൾ
> ഇരു ശബ്ദത്തിലെപ്പൊരുളെന്താണെന്ന-
> തൊരുമാത്രയിലെന്നിൽ പ്രതിഭാസിച്ചാലോ'
>
> (ഉപരിപഠനത്തിന് എന്ന കവിത)

'അധികാരം കൊയ്യണം' എന്നു പറയുമ്പോൾ അധികാരം നിഷ്കാസനം ചെയ്യണമെന്നോ അധികാരഘടനകൾ തന്നെ വേണ്ടെന്നോ അല്ല ഇടശ്ശേരി ഉദ്ദേശിച്ചത്. വർഗവിഭജിതസമൂഹങ്ങളിൽ അധികാരത്തെ സംബന്ധിയ്ക്കുന്ന എല്ലാ ചോദ്യങ്ങളും ഒരിടത്ത് കേന്ദ്രീകരിക്കുന്നതായിക്കാണാം. നിലവിലുള്ള അധികാരഘടന ഏതു വർഗത്തിന്റെ താത്പര്യം സംരക്ഷിയ്ക്കും വിധം ഉള്ളതാണ്? ഏതു വർഗത്തിന്റെ താത്പര്യം സംരക്ഷിയ്ക്കും വിധമാണ് അത് ക്രമീകരിയ്ക്കപ്പെടേണ്ടത്? ന്യൂനപക്ഷത്തിലധിഷ്ഠിതമായ അധികാരപ്രയോഗങ്ങളെ ജനാധിപത്യാധികാരപ്രയോഗങ്ങൾ കൊണ്ട് മറികടക്കേണ്ടതായിട്ടുണ്ടെന്നതാണ് ഇടശ്ശേരിക്കവിതകളിൽ മുഴങ്ങുന്ന വാദം എന്ന് കരുതേണ്ടതുണ്ട്. അധികാരപ്രയോഗങ്ങൾ ഏതുമില്ലാത്ത സ്വയംഭരണം എന്നത് സാദ്ധ്യമാണോ? അധികാരശക്തിയെ പാടെ ഉന്മൂലനം ചെയ്യുക സാധ്യമാണോ? അധികാരശക്തികളെക്കുറിച്ചുള്ള പ്രസിദ്ധമായ ഒരു പ്രബന്ധത്തിൽ (അധികാരശക്തിയെക്കുറിച്ച് എന്ന പ്രബന്ധം) സാമൂഹ്യവിപ്ലവത്തിന്റെ ആദ്യലക്ഷ്യം അധികാരശക്തിയുടെ ഉന്മൂലനം ആകണം എന്നു പ്രഖ്യാപിക്കുന്നവരോട് എംഗൽസ് ഇങ്ങനെയൊരു ചോദ്യം ഉന്നയിയ്ക്കുന്നുണ്ട്. വിപ്ലവം തന്നെ ഏറ്റവും വലിയ ഒരു അധികാരശക്തിപ്രയോഗമാണ്. ഒരു വിഭാഗം ജനത നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ അനിവാര്യമെങ്കിൽ ആയുധംകൊണ്ടുപോലും മറ്റൊരു ജനവിഭാഗത്തിനുമേൽ അടിച്ചേൽപ്പിയ്ക്കുന്ന അധികാരപ്രയോഗം തന്നെയാണ് വിപ്ലവം. ഏതൊരു വിപ്ലവത്തിന്റെയും കേന്ദ്രപ്രശ്നം അധികാരത്തിന്റെ പ്രശ്നമാണ്. ഫ്യൂഡൽ പ്രമാണിത്തത്തിൽ നിന്ന് ബൂർഷ്വാ പ്രമാണിത്തത്തിലേയ്ക്ക് അധികാരം കൈമാറ്റം

ചെയ്യപ്പെട്ടത് ഒരു വിപ്ലവമായിരുന്നു. പിന്തിരിപ്പൻ ബൂർഷ്വകളിൽ നിന്നും, രാഷ്ട്രീയ പൊരുത്തുകച്ചവടക്കാരിൽ നിന്നും അധികാരം അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങളിലേയ്ക്കും അവരുടെ സഖ്യശക്തികളിലേയ്ക്കും എത്തിയ്ക്കുക എന്നതാണ് ജനകീയ വിപ്ലവത്തിന്റെ ലക്ഷ്യമെന്നും മാർക്സിയൻ തത്വ ശാസ്ത്രം പറയുന്നുണ്ട്. അപ്പോൾ അധികാരത്തിന്റെ ഉന്മൂലനമല്ല, അധികാര ത്തിന്റെ ഫലപ്രദമായ ഉപയോഗമാണ് - മാനുഷിക നന്മകൾക്കായി അതുപ യോഗിയ്ക്കപ്പെടുന്നുണ്ടോ എന്ന പ്രശ്നമാണ് - പ്രധാനം. ഇക്കാര്യം ഇടശ്ശേരി കണ്ടിരുന്നു. 'പഴകിയ ചാലുകൾ മാറ്റുക' എന്ന തന്റെ പ്രസിദ്ധമായ കവിത യിൽ അദ്ദേഹം ഇങ്ങനെ എഴുതി

'പറയൂ, കടംകഥയല്ലേ; യാരുമൊ-
രാളെ നിയന്ത്രിയ്ക്കാനി-
ല്ലിവിടെ, പ്പക്ഷേയില്ല നിയന്ത്രിത
മായൊരു ജീവിതബിന്ദു
മാനവനേറെയുഗങ്ങൾ തിരഞ്ഞ-
തിതൊന്നിനു വേണ്ടീട്ടത്രേ
താനേ തന്നെക്കെട്ടും കയറി-
ന്നസ്വാതന്ത്ര്യ വിരോധി!'

അസ്വാതന്ത്ര്യവിരോധിയായ മനുഷ്യൻ താനേതന്നെ കെട്ടും കയറായിട്ടാണ് അധികാരത്തെയും നിയമങ്ങളെയും കാണേണ്ടതെന്നാണ് ഇടശ്ശേരിയുടെ കാഴ്ച പ്പാട്. കയറായിട്ടല്ല, ഒരു കാണാക്കയറായി നില്ക്കുന്നതായിരിയ്ക്കണം അധി കാരം എന്നതാണ് സമീപനം.

ഇക്കാര്യം വിശദീകരിയ്ക്കാൻ പുത്തൻകലവും അരിവാളും എന്ന കവിത യിലെ പ്രസിദ്ധമായ അവസാനഭാഗം തന്നെയെടുക്കാം.

കോമൻ വിളയിച്ച പൊന്നാര്യൻ വയലിനുചുറ്റും ഒരു കുടുംബത്തിന്റെ പ്രതീ ക്ഷകൾ മുഴുവൻ ഓണത്തുമ്പികളെപ്പോലെ പാറിനടക്കുന്നതിനെക്കുറിച്ച് വിശ ദീകരിച്ചതിന്നുശേഷം,

'ആരേ കൊയ്ത്തുകഴിച്ചതീയാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ
കോമനുമല്ല പണിക്കാരും ഒരു
കോടതിയാമീനുമാൾക്കാരും'

എന്ന അപ്രതീക്ഷിത പരിണാമത്തിലേയ്ക്ക് തന്റെ കവിതയെ കൊണ്ടുചെ ന്നെത്തിച്ചതിന്നുശേഷം

കോമൻ നിന്നൊരു നോക്കേകണ്ടു
കോടതിയ്ക്കുള്ളോരധികാരം!
.. ... .. ... ... ... ...
ജന്മിയ്ക്കു ചെല്ലേണ്ടും പാട്ടബാക്കിയ്ക്കുള്ള
ജപ്തിയും കൊയ്ത്തുമീധിക്കാരം

എന്ന് ആ അധികാരധിക്കാരത്തെക്കുറിച്ച് തന്റെ രോഷം കവി പ്രകടിപ്പി യ്ക്കുന്നുണ്ട്. കുറ്റിയ്ക്കിട്ട ഗജംപോലെ കലികൊണ്ടുനില്ക്കുന്ന കോമൻ, തീപ്പു ലിപോലെ ചീറ്റിയടുക്കുന്ന ചാത്തപ്പൻ, ഉൾപ്പക പത്തിയെടുത്തിട്ട് ഊതുന്ന മറ്റു പണിക്കാർ എന്നിങ്ങനെ നിരവധി വന്യവും മൃഗസംബന്ധിയുമായ രൂപകങ്ങ ളിൽ കവി ആ സന്ദർഭത്തിന്റെ തീവ്രതവ്യക്തമാക്കുന്നുണ്ട്. എല്ലാറ്റിന്റേയും നടു വിൽ കല്പനയുണ്ട്, കളിയ്ക്കേണ്ടെന്ന താക്കീതുമായി കാല്പായക്കടലാസു നിവർത്തി കയ്യിലുയർത്തിക്കാണിച്ച് നിൽക്കുന്ന കോടതീയാമീൻ. കുറ്റിയ്ക്കിട്ട ഗജം പോലെ നിൽക്കുന്ന കോമനും ആൾക്കാരും, കുറ്റിപൊട്ടിച്ചാൽ ആമീൻ ഉയർത്തിപ്പിടിച്ചുനില്കുന്ന ആ കോടതിയുത്തരവിന് കാൽപ്പായ കടലാസ്സിന്റെ വിലപോലുമില്ലെന്നുതന്നെയാണ് ഇടശ്ശേരിയുടെ വ്യംഗ്യം. ചരിത്രവും, അതിന്റെ നിലനിൽപ്പിനാവശ്യമായ നിയമങ്ങളും ആരാണ് നിർമ്മിക്കുന്നത് എന്ന ചോദ്യ ത്തിന് വളരെ വ്യക്തമായ ഉത്തരം തന്നെയാണ് ഇടശ്ശേരി നൽകുന്നത്. 'പണി മുടക്കം,' 'പുത്തൻകലവും അരിവാളും' പോലെയുള്ള കവിതകളിൽ ബാഹ്യ തലത്തിൽത്തന്നെ ഈ പ്രശ്നം ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിൽ 'പൂതപ്പാട്ട്', 'കാവിലെപ്പാട്ട്' തുടങ്ങിയ കവിതകളുടെ ആന്തരികഘടനകൾ (Deep Structure) പരിശോധിക്കുമ്പോൾ മാത്രമേ ഇതേ പ്രശ്നം തന്നെയാണ് ഇടശ്ശേരി ചർച്ച ചെയ്യുന്നതെന്ന് നമുക്കു മനസ്സിലാകുന്നുള്ളൂ. അധികാരഘടനാ

പ്രവർത്തനശൈലികൾ വാക്പാരുഷ്യത്തിലോ, ദണ്ഡപാരുഷ്യത്തിലോ അവസാനിയ്ക്കുന്നില്ല. അത്തരം ശൈലികൾ ഫലിയ്ക്കാതെ വരുമ്പോൾ, പ്രലോഭനങ്ങളിലേയ്ക്കും മറ്റും അത് നീളുന്നത് 'പൂതപ്പാട്ട്' പോലുള്ള കവിതകളിൽ കാണാം. അധികാരസ്ഥാനത്തുള്ള ഒരാൾ വിലപിടിപ്പുള്ളതും പ്രിയപ്പെട്ടതുമായ ഒന്ന് അപഹരിച്ചുകൊണ്ടുപോകുക എന്ന തലത്തിൽ പരിശോധിച്ചാൽ പുത്തൻകലവും അരിവാളും, പൂതപ്പാട്ട്, കാവിലെപ്പാട്ട് തുടങ്ങിയ കവിതകളുടെ ആന്തരികഘടനകൾ ഒന്നുതന്നെയാണെന്ന് കാണാൻ കഴിയും. ചതുരംഗം അധികാരഘടനയോട് ചേർന്നുനിൽക്കുന്ന ഒരു കളിയാണ്, രാജാവും പുരോഹിതനും ചതുരംഗസൈന്യവും വെട്ടിമാറ്റലും എല്ലാം ഉള്ള ഒരു കളി. 'വരദാനം' എന്ന ഇടശ്ശേരിയുടെ പ്രസിദ്ധമായ കവിത കേവലയായ ഒരു വ്യക്തിയുടെ നിലനിൽപ്പും ചതുരംഗം എന്ന അധികാരക്കളിരൂപകവും ഇഴചേർത്തുപിരിച്ചുകൊണ്ടുപോകുന്നത് കൂടുതൽ വിശദമായി പഠിയ്ക്കേണ്ട കാര്യമാണെന്ന് ഇവിടെ സൂചിപ്പിയ്ക്കുക മാത്രം ചെയ്തുകൊള്ളട്ടെ. ഏതു ഭരണകൂടയന്ത്രത്തിന്റെയും വെള്ളപൂശിയ ചുമരിന്മേൽ വരച്ചുവെയ്ക്കുന്ന അടയാളം മുടിങ്കോലിന്റേതായിരിയ്ക്കും എന്ന് കാർഷികമായ രീതിയിൽ 'കാളയോ കലപ്പയോ' എന്ന കവിതയിൽ ഇടശ്ശേരി പ്രസ്താവിക്കുന്നുണ്ട്. 'പൌരസമൂഹം' (Civil Society) രാഷ്ട്രീയ സമൂഹം (Political Society) എന്നൊക്കെയുള്ള ഗ്രാംഷിയൻ (അന്റോണിയോ ഗ്രാംഷി) ചിന്തകളും, ലൂയീ അൽത്തൂസറുടെ പ്രത്യയശാസ്ത്ര-ഭരണകൂട യന്ത്രം (Idiological State Apparatus) പൊലെയുള്ള കാഴ്ചപ്പാടുകളും വരുന്നതിന്ന് എത്രയോ മുൻപുതന്നെ ഈ വകതിരിവ് ഇടശ്ശേരിക്കവിതകൾക്ക് ഉണ്ടായിട്ടുണ്ട്. 'കാരാഗൃഹോദരം പെറ്റുവല്ലോ / രാജാവിനെയും പ്രഭുക്കളെയും' എന്നെഴുതിയ ഇടശ്ശേരിയ്ക്ക് അധികാരഘടനകളുടെ ആക്രാമകവും, രഹസ്യാത്മകവും, പ്രലോഭനാത്മകവുമായ എല്ലാ വശങ്ങളും തിരിച്ചറിയാൻ കഴിയുന്നുണ്ടെന്ന് വ്യക്തം.

'തലനാർക്കൊടിയുടെ നൂറാലൊരു കന-
മേലും വരകൊണ്ടല്ലോ
നലമോടതിരു വരച്ചതു ദൈവം
ശരിയും തെറ്റും തമ്മിൽ'
(വിധിയെഴുതുമ്പോൾ)

എന്നെഴുതുന്ന ഇടശ്ശേരിയ്ക്ക് ശരിതെറ്റുകളുടെ ആപേക്ഷികതകളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ട്. പൊൻകുന്നം വർക്കിയുടെ പ്രസിദ്ധമായൊരു കഥയുണ്ടല്ലോ - മോഡൽ - വർക്കിയ്ക്ക് സി. പി. രാമസ്വാമിഅയ്യരുടെ ഭരണകൂടം തടവുശിക്ഷ നല്കിയ കഥയാണിത്. സി. പി. ഫ്രാൻസിസ് എന്നൊരു തയ്യൽക്കാരൻ പപ്പൻ എന്ന ഒരു ചെറുപ്പക്കാരന് പുതിയ മോഡൽ ഷർട്ട് തയ്പിച്ചു കൊടുക്കുന്നതാണ് കഥ. പപ്പന് പാകമാകാത്ത ഷർട്ട് തയ്ച്ചുകൊടുക്കുന്ന ഫ്രാൻസിസ് അതാണ് പപ്പന്റെ ശരീരപ്രകൃതിയ്ക്കു ചേരുന്ന കുപ്പായം എന്ന് അച്ചട്ടായി പറയുന്നു. പ്രശ്നം നിങ്ങൾക്കുവേണ്ട കുപ്പായം ഏതെന്ന് ആരാണ് തീരുമാനിയ്ക്കുന്നതെന്നാണ്. അതേ ഞാൻ തന്നെയാണ് എന്റെ ഷർട്ടിന്റെ മാതൃക നിശ്ചയിയ്ക്കേണ്ടതെന്ന് പപ്പൻ തറപ്പിച്ചുതന്നെ പറയുന്നു. ഇടശ്ശേരിയും അധികാരഘടനകളുടെ വിലക്കുകളൊക്കെ മാറ്റിവെച്ചുകൊണ്ട്

'സ്വാതന്ത്ര്യവാനേ നീ തുന്നിച്ചുകൊണ്ടാലും
ബോധിച്ചപോലുള്ള കുപ്പായങ്ങൾ
മെയ്യളവെന്തെന്നും, കയ്യെത്രയ്ക്കാണെന്നും
ഇയ്യുള്ളോർക്കില്ലല്ലോ ശാഠ്യമൊന്നും
സ്വച്ഛത പാലിച്ചു കാണ്മതിലാഗ്രഹം
സ്വച്ഛന്ദതയ്ക്കതിലെന്തൊരൂനം'
(പട്ടുകുപ്പായം)

സ്വാതന്ത്ര്യത്തിന് ഇടശ്ശേരിക്കവിതകളിലെ ഭാഷ്യം ഇതാണെന്നു പറയാം. ആശയങ്ങൾ നിർമ്മിയ്ക്കുന്ന അധികാരഘടനകളേയും ഇതേ അളവിൽത്തന്നെ ഇടശ്ശേരി ധിക്കരിയ്ക്കുന്നുണ്ട്.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം'
(പൊട്ടി പുറത്ത് ശീവോതി അകത്ത്)

ഇടശ്ശേരിക്കവിതകളിൽ ഞാൻ കണ്ടതിൽവച്ചേറ്റവും ശ്രദ്ധേയമായ ഒരു പുനർജനിബിംബം ഉദാഹരിയ്ക്കട്ടെ

"അനുഭവങ്ങൾതൻവേരിൽ പുളഞ്ഞുണ്ടാ-
നകലെ നീക്കട്ടെ ജീർണ്ണത്തൊലിപ്പുറം"

ഇതെഴുതിയ കവിയ്ക്ക് അധികാരഘടനകളും നിയമങ്ങളും അടിയ്ക്കടി പൊളിച്ചെഴുതേണ്ടവയാണെന്ന തികഞ്ഞ ബോധമുണ്ടായിരുന്നു. ●